മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇവിടെ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് കേരള സംസ്ഥാന മലിനജല നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവർ കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരത്തോടുകൂടി ജലം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 1980-ൽ അതിന് കല്പന കൊടുത്തിരുന്നതാണ്. 1985 ഡിസംബറിൽ അതിന്റെ പണി പൂർത്തിയാക്കേണ്ടതായിരുന്നു. ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ട് കൃത്യ സമയത്ത് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും ശുദ്ധീകരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാനും ബോർഡിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

10. ചെറുകുന്ന് പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം

ശ്രീമതി പി. ദേവകി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചെറുകുന്ന് പഞ്ചായത്ത് മുഴുവനും ഉപ്പു വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ദ്വീപാണ്. അവിടെ ശുദ്ധജലം കിട്ടാൻ വളരെയേറെ പ്രയാസമാണ്. എന്നാൽ ഈ കഴിഞ്ഞ വരൾച്ചക്കാലത്ത് സാമൂഹ്യ പ്രവർത്തകരും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും പഞ്ചായത്തും ഒത്തുചേർന്നുകൊണ്ട് ജനങ്ങൾക്ക് ശുദ്ധജലം കൊടുക്കുന്നതിനുള്ള, ശുദ്ധജലം കിട്ടുന്ന സ്ഥലം പരിശോധിക്കുകയും, പഞ്ചായത്തിന്റെ സർവ്വേനമ്പർ 350/6 ഭൂമിയിൽ 7 മീറ്റർ ചുറ്റളവിൽ ഒരു വലിയ കിണർ കുഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ കിണറിന് പമ്പ് ഹൗസ്, ടാങ്ക് മുതലായവ സ്ഥാപിച്ചാൽ ആ പ്രദേശങ്ങളിലുള്ള ആറാളം പ്രദേശങ്ങളിൽ ശുദ്ധജലം കൊടുക്കാനുള്ള കഴിവ് ഈ കിണറിനുണ്ട്. അതുകൊണ്ട് ഈ കിണർ ഗവൺമെന്റ് ഏറ്റെടുക്കുകയും, പമ്പ് ഹൗസ് അടക്കം ഉണ്ടാക്കി ശുദ്ധജലം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ കുഴൽ കിണർ ഏറ്റെടുത്ത് പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ അതോറിറ്റി തയ്യാറാണ്. പക്ഷേ ഒരു പ്രശ്നമുണ്ട്. വേനൽക്കാലത്ത് ഉപ്പുവെള്ളമായിരിക്കുമോ എന്ന് ഒരു സംശയമുണ്ട്. ഉപ്പുവെള്ളമാണ് വരുന്നതെങ്കിൽ നമുക്ക് അത് കൊടുക്കാനൊക്കുകയില്ല. ഉപ്പുരസമില്ലാത്ത വെള്ളം കിട്ടുമെന്നുണ്ടെങ്കിൽ അത് ഏറ്റെടുക്കാം. പക്ഷേ അതോടുകൂടി ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നാട്ടുകാർ എല്ലാവരുംകൂടി കുഴിപ്പിച്ചതായതുകൊണ്ട് തീർച്ചയായിട്ടും നിങ്ങളുടെ കൂടെ സഹകരണം ഇത് ഏറ്റെടുക്കുന്ന കാര്യത്തിലുണ്ടെങ്കിൽ നല്ലത്. അതോറിറ്റി തന്നെ അത് നിർവ്വഹിക്കാം.

11. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകളുടെ പണി

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, എന്റെ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡായ പെരുമ്പിലാവ്, പരപ്പ്, കടങ്ങോട് പാറപ്പുറം റോഡ് ടെണ്ടർ കഴിഞ്ഞ് ഒന്നാം കൊല്ലമായി കിടക്കുകയാണ്. ടെണ്ടർ ഉറപ്പിച്ച് കുറച്ച് കല്ലുകൾ അന്ന് കൂട്ടിയതൊഴിച്ചാൽ അവിടെ യാതൊരു പണിയും നടക്കുന്നില്ല. ഈ റോഡ് പഞ്ചായത്ത് റോഡായിരുന്ന കാലത്തുതന്നെ അഞ്ചാറ് ബസ്സുകൾ ഓടുന്ന ഒരു പ്രധാനപ്പെട്ട റോഡായിരുന്നു. ഏറ്റവും ചെറിയ റോഡാണ്. 16 ലക്ഷത്തോളം രൂപയ്ക്ക് ചെലവുവരുന്നുള്ളു. അതുകൊണ്ട് ഏറ്റവും വിഷമകരമായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly